**ഹരിതകേരളം മിഷൻ**
കേരള സർക്കാർ

**<u>പ്രസിദ്ധീകരണത്തിന്</u>** 21.10.2017

# കിണർ റീചാർജ്ജിംഗിൽ പരിശീലനം

തിരുവനന്തപുരം ജില്ലാ ആസൂത്രണ സമിതി ഹരിതകേരളം മിഷന്റെ സാങ്കേതിക സഹായത്തോടെ നടപ്പിലാക്കുന്ന ജലശ്രീ ജലസംരക്ഷണ പദ്ധതിയുടെ ഭാഗമായി കിലയുടെ സഹായത്തോടെ കിണർ റീചാർജ്ജിംഗിൽ പരിശീലനം സംഘടിപ്പിക്കുന്നു. സംസ്ഥാനത്തെ പരമാവധി കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിനുള്ള ശ്രമം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നു വരികയാണ്. ഇതിന്റെ ഭാഗമായി ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും കിണർ റീചാർജ്ജിംഗിൽ സാങ്കേതിക പരിജ്ഞാനമുള്ള ഒരു തൊഴിൽ സേനയ്ക്ക് രൂപം നല്കാൻ ലക്ഷ്യമിട്ടാണ് പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. ജില്ലയിലെ 11 ബ്ലോക്ക് തലത്തിലും നടക്കുന്ന ട്രെയിനിങ് ഈ മാസം 24 ന് (ചൊവ്വ)വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കും. 5 ഏകദിന പരിശീലനപരിപാടികൾക്കാണ് രൂപം നൽകിയിട്ടുള്ളത്. 400 ഓളം സാങ്കേതിക ജീവനക്കാർ പങ്കെടുക്കും.

ഹരിതകേരളം മിഷന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ് കിണറുകളുടെ സംരക്ഷണവും റീചാർജ്ജിങ്ങും. കേരളത്തിൽ ഭൂരിപക്ഷം പേരും കിണറുകളെയാണ് കുടിവെള്ള സ്രോതസ്സായി ആശ്രയിക്കുന്നത്. എന്നാൽ ആവശ്യത്തിന് മഴ ലഭിച്ചാൽ പോലും വേനൽക്കാലത്ത് വറ്റുന്ന കിണറുകളുടെ എണ്ണം വർഷം തോറും കൂടി വരികയാണ്. ഭൂജലസംരക്ഷണം ശരിയായ രീതിയിൽ നടക്കാത്തതാണ് ഇതിന് കാരണം. ഇതൊഴിവാക്കാൻ പരമാവധി കിണറുകളിൽ റീചാർജ്ജ് സംവിധാനം ഒരുക്കുന്നതിനുള്ള ശ്രമമാണ് ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്. കിണർ റീചാർജ്ജിംഗ് ഫലപ്രദമായി നടപ്പിലാക്കുക വഴി ഭൂഗർഭ ജലസ്രോതസ്സ് പരിപോഷിപ്പിക്കപ്പെടുകയും തുടർന്ന് കുളങ്ങൾ, തോടുകൾ എന്നിവയിലേക്ക് മഴക്കാലത്തിന് ശേഷം നീരൊഴുക്ക് ഉണ്ടാവുകയും ചെയ്യും.

വാമനപുരം,കിളിമാനൂർ, പോത്തൻകോട് എന്നീ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾ, ആറ്റിങ്ങൽ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിന്നുള്ളവർക്ക് ഈ മാസം 24 ന് ആറ്റിങ്ങൽ ബോയ്സ് ഹൈസ്കൂളിൽ വച്ചാണ് പരിശീലനം. ഇതേ സ്ഥലത്ത് തന്നെ 25 ന് നടക്കുന്ന പരിശീലനത്തിൽ വർക്കല, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിൽ നിന്നും വർക്കല മുനിസിപ്പാലിറ്റിയിൽ നിന്നുമുള്ളവർ പങ്കെടുക്കും.വെള്ളനാട് ഹയർസെക്കണ്ടറി സ്കൂളിൽ വച്ച് 26 ന് നടക്കുന്ന പരിശീലന പരിപാടിയിൽ വെള്ളനാട്, നെടുമങ്ങാട് ബ്ളോക് പഞ്ചായത്ത് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾ നെടുമങ്ങാട് മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിന്നുള്ളവർ പങ്കെടുക്കും. നേമം, അതിയന്നൂർ, ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾ, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിന്നുള്ള സാങ്കേതിക ജീവനക്കാർക്ക് 27 ന് ബാലരാമപുരം ഹയർസെക്കണ്ടറി സ്കൂളിലാണ് പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. ധനുവച്ചപുരം ഗേൾസ് ഹൈസ്കൂളിൽ 28 ന് നടക്കുന്ന പരിശീലനത്തിൽ പാറശാല, പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ളവർ പങ്കെടുക്കും.

S/d
**ഡോ. ടി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

**റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004**
**ഫോൺ : 0471 2449939, ഇ-മെയിൽ :** haritham@kerala.gov.in